**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2202** **12-12-2022 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സർവീസിലെ വിവിധ വകുപ്പുകളിൽ ആശ്രിത നിയമന പദ്ധതി അനുസരിച്ച് 2015 മുതൽ 2021 വരെ എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | മാതൃവകുപ്പുകളിലും പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് മുഖേനയും ആശ്രിത നിയമനം ലഭിച്ചവരുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയ എത്രപേർക്ക് നിയമനം നൽകുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മാതൃവകുപ്പുകളിലും പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് മുഖേനയും ആശ്രിത നിയമനം ലഭിച്ചവരുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല. |
| (സി) | ആശ്രിത നിയമനത്തിനായി പൊതുഭരണ വകുപ്പ് തയ്യാറാക്കുന്ന പൊതു സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും 40 വയസ്സ് പിന്നിട്ടതുമായ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | മാതൃവകുപ്പുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമ പൊതുഭരണ വകുപ്പിൽ കൈമാറുകയാണ് ചെയ്യുന്നത്. പ്രസ്തുത പ്രൊഫോർമയിൽ അപേക്ഷകരുടെ ജനനത്തീയതി ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പൊതുഭരണ വകുപ്പിലെ വിവിധ തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 40 വയസ് പിന്നിട്ടവരുടെ വിവരം ലഭ്യമല്ല. |
| (ഡി) | 40 വയസ്സ് പിന്നിട്ട ഉദ്യോഗാർത്ഥികളുടെ നിയമത്തിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാമോ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ